ഭരണഭാഷ മാതൃഭാഷ

<u>പുറത്തെഴുത്ത് നമ്പർ: **AHD/1140/2026-K4** തീയതി: **13-03-2026**</u>

മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് **II** തസ്തിക സംസ്ഥാനതല തസ്തികയായി പരിഗണിക്കുന്ന നയം തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവായിരിക്കുന്നു. പ്രസ്തുത ഉത്തരവ് ഇതോടൊപ്പം എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസരുടെയും അറിവിലേയ്ക്കായി അയയ്ക്കുന്നു.

**ADMINISTRATIVE ASSISTANT**

പകർപ്പ് -

1) എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും
2) ഐ .ടി ഡിവിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

Digitally signed by
S Jaya
Date: 13-03-2026
13:07:12

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൃഗസംരക്ഷണവകുപ്പ് - ജീവനക്കാര്യം - മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക സംസ്ഥാനതല തസ്തികയായി പരിഗണിക്കുന്ന നയം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മൃഗസംരക്ഷണ ( ഇ) വകുപ്പ്

സ.ഉ.(കൈ) നം.10/2026/AHD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. ഒ.എ 738/2017 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11.04.2018 ലെ ഉത്തരവ്.
2. OP(KAT)No.247/2018 നമ്പർ കേസിന്മേലുള്ള ബഹു കേരള ഹൈക്കോടതിയുടെ 12.11.2019 ലെ വിധിന്യായം.
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 09.12.2019 ലെ AHD/7208/2019-K4 നമ്പർ കത്ത്.
4. സ ഉ (സാധാ) നം.46/2020/എ എച്ച് ഡി തീയതി 11/02/2020
5. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 30/10/2023 തീയതിയിലെ എ.എച്ച്.ഡി /2811/2023/കെ4 നമ്പർ കത്ത്.
6. ബഹു കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 06/05/2023 തീയതിയിലെ AVIII(2)30366/08/GW നം കത്ത്.
7. സ ഉ (സാധാ) നം.526/2023/എ എച്ച് ഡി തീയതി 18/11/2023
8. O.A നമ്പർ 1080/2025, 1300/2025, 1346/2025, 1688/2025, 1689/2025, 1880/2025, 1202/2025,1499/2025 & 1204/2024 എന്നീ കേസുകളിന്മേൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 29/01/2026 തീയതിയായി പുറപ്പെടുവിച്ച ഉത്തരവ്

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I , അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികകൾ സംസ്ഥാനതല തസ്തികകൾ ആകുന്നതിന് മുൻപ് വരെ പ്രസ്തുത തസ്തികകളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും എൻട്രി കേഡറായ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവായി കണക്കാക്കി അതാത് ജില്ലാ പി എസ് സി ഓഫീസുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയാണ്

മൃഗസംരക്ഷണ വകുപ്പിൽ അനുവർത്തിച്ചിരുന്നത്. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I , അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികകളിൽ പ്രൊമോഷനുകൾ നൽകിയിരുന്നത് സംസ്ഥാനതല ഒഴിവുകളുടെ അടിസ്ഥാനത്തിലായിരുന്നുവെങ്കിലും പ്രൊമോഷനു ശേഷവും ടി ജീവനക്കാർ അതാത് ജില്ലകളിൽ തുടരുകയാണ് ചെയ്തു വന്നിരുന്നത്. പ്രസ്തുത സാഹചര്യം നിലനിൽക്കെ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I , അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികകളിലെ ചില ജീവനക്കാർ ടി തസ്തികകളിൽ സംസ്ഥാനതല പൊതുസ്ഥലംമാറ്റം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതി , ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നിവ മുമ്പാകെ കേസുകൾ ഫയൽ ചെയ്യുകയും ടി കേസുകളിൽ പരാമർശം(1), (2) പ്രകാരമുള്ള ബഹു. കോടതി ഉത്തരവുകൾ പാലിക്കുന്നതിനായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I , അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികകളിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംസ്ഥാനതലത്തിൽ നടത്തുന്നത് ഉചിതമായിരിക്കുമെന്ന മൃഗസംരക്ഷണ വകപ്പ് ഡയറക്ടറുടെ പരാമർശം(3) പ്രകാരം സമർപ്പിച്ചിരുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം(4) പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I / അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികകളിൽ നിശ്ചയിച്ചിരുന്ന 1:1 അനുപാത ക്രമീകരണം വ്യതിചലിച്ച് പ്രസ്തുത തസ്തികകളിൽ ജീവനക്കാർ നിലനിൽക്കുന്ന തിരുവനന്തപുരം, കാസറഗോഡ്, കണ്ണൂർ ജില്ലകളിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുന്നില്ലെന്നും ടി സാഹചര്യം ടി ജില്ലകളിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിയമനം പ്രതീക്ഷിച്ചിരിക്കുന്ന ഉദ്യോഗാർഥികളുടെ അവസരത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകൾ സംസ്ഥാനതലത്തിൽ പരിഗണിക്കുകയാണെങ്കിൽ, നിലവിൽ ടി തസ്തികയിൽ നിലനിൽക്കുന്ന അനുപാത വ്യതിയാനം മുഖേന നിലനിൽക്കുന്ന ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിലുള്ള തടസ്സങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടുന്നതാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുന്നതിനോട് ബഹു കേരള പബ്ലിക് സർവീസ് കമ്മീഷൻ പരാമർശം (6) പ്രകാരം യോജിപ്പ് പ്രകടപ്പിച്ചിട്ടുണ്ട്. തുടർന്ന് 1:1 എന്ന അനുപാതം കണക്കാക്കി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവുകൾ സംസ്ഥാന തലത്തിലാക്കുന്നതിന് മുന്നോടിയായി പരാമർശം(4) ഉത്തരവിനെ പരാമർശം(7) പ്രകാരം സർക്കാർ ഭേദഗതി ചെയ്തിട്ടുണ്ട്

മൃഗസംരക്ഷണ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II/ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I/ അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ എന്നീ തസ്തികകളിലെ അനുപാതം 1:1 ആയി നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് O.A നമ്പർ 1080/2025, 1300/2025, 1346/2025, 1688/2025,

1689/2025, 1880/2025, 1202/2025, 1499/2025 & 1204/2024 എന്നീ നമ്പരുകളിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളിന്മേൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 29/01/2026 തീയതിയായി പുറപ്പെടുവിച്ച പൊതു ഉത്തരവിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി.

(i) Respondents 1 to 3 shall come out with a policy on how to attain the 1:1 ratio between LI Grade II and LI Grade 1 & and AFO in all districts within six months from the date of receipt of a copy of this order. This shall be done taking into consideration the directions of this Tribunal in OA No. 738 of 2017 [ as modified in OP (KAT) No. 247 of 2018], OA No. 2193 of 2014 and OA 480 of 2014.

(ii) Pending the formulation of such policy, the posting of Livestock Inspectors (LI Grade I and AFOs) if any, outside their district of recruitment on promotion as LI Gr I shall be issued based on the principle that the senior most in the cadre of LI Gr I or AFO in a district shall be transferred out first. While doing so, length of service has to be reckoned only with reference to the service rendered in the post of LI GR I or AFO and not the service rendered as LI Gr II.

(iii) Posting of LI Gr II in Thiruvananthapuram district on promotion as LI Gr I to other districts shall be kept on hold till a transparent policy as above is published, except on request as part of General Transfer.

(iv) In OA No. 1204 of 2024, respondents 2 and 3 are directed to file a statement as to why 24 vacancies of Livestock Inspector Grade II /Poultry Assistant/ Milk Recorder/Store Keeper/ Enumerator should not be reported to the PSC before expiry of Annexure A1 ranked list for LI Gr II.

(v) In OA No. 1499 of 2025, the respondents 2 and 3 are directed to file a statement as to why 28 vacancies of Livestock Inspector Grade II /Poultry Assistant/ Milk Recorder/Store Keeper/ Enumerator should not be reported to the PSC before expiry of Annexure A1 ranked list for LI Gr II.

(vi) Applicants in OA 1688 of 2025 and 1689 of 2025 shall be retained in Thiruvananthapuram district, if they are not already relieved.

(vii) In OA 1880 of 2025, there shall be a direction to the 2nd respondent to consider and pass appropriate orders on Annexure A3 representation within an outer limit of 2 months from the date of receipt of a copy of this order.

(viii) In OA 1202/25 there shall be a direction to the respondents to consider the

**case of the applicants for promotion to the cadre of LI Gr I/AFO, within an outer limit of 3 months, as per law.**

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

- നിലവിലെ **LI Gr II : LI Gr I & AFO** തസ്തികകൾ ജില്ലാതലത്തിൽ നിലവിലുള്ള റേഷ്യോ **1:1** അനുപാതത്തിൽ തുടരാവുന്നതാണ്. കാരണം, ടി തസ്തികയിലെ ജീവനക്കാർ ഫീൽഡ്തല ഉദ്യോഗസ്ഥരായതിനാൽ ജില്ലകളിൽ നിശ്ചിത അനുപാതം പരിചയസമ്പന്നരായ ജീവനക്കാരുടെ **(LI Gr I & AFO)** സേവനം നിലനിർത്തേണ്ടതുണ്ട്.). നിലവിലെ **LI Gr II : LI Gr I & AFO** തസ്തികകളിലെ അനുപാതം **1:1** ആയി നിലനിർത്തുന്നതിന് പ്രതിബന്ധമായി നിൽക്കുന്നത് ഗ്രേഡ് **II** തസ്തികയുടേയും ഗ്രേഡ് **I** തസ്തികയുടേയും നിയമനാധികാരികൾ വ്യത്യസ്തരായിരിക്കുന്നതുകൊണ്ടാണ്. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് **II**, ഗ്രേഡ് **I /AFO** തസ്തികയിലെ ജില്ലാതലത്തിൽ നിലവിലുള്ള അനുപാത വ്യത്യാസം താഴെ പറയുന്ന പട്ടികയിൽ വിവരിക്കുന്നു.

| | | Live Stock Inspector Gr II | | | Live Stock InspectorGr I/Assistant Field Officer | | |
|---|---|---|---|---|---|---|---|
| District | Total sanctioned strength of LI Gr.II, LI GradeI/AFO- as per GO(Rt) No.46/2020/AHD dated 11/02/2020 | Permitted strength | Present strength (including vacancies) | Ratio differences | Permitted strength | Present strength ( including vacancies) | Ratio differences |
| TVM | 264+2 (Hqs 9+2) | 132.1 (Hqs 4+1) | 182 | +49 | 132+1 (Hqs5+1) | 84 | -49 |
| KLM | 254 | 127 | 98 | -29 | 127 | 156 | +29 |
| PTA | 168 | 84 | 48 | -36 | 84 | 120 | +36 |
| ALPY | 157 | 79 | 79 | - | 78 | 78 | - |
| KTM | 184 | 92 | 94 | +2 | 92 | 90 | -2 |
| IDK | 148 | 74 | 77 | +3 | 74 | 71 | -3 |
| EKM | 204-1 | 102 | 101 | -1 | 102-1 | 102 | +1 |
| TSR | 232 | 116 | 116 | - | 116 | 116 | - |
| PKD | 251 | 126 | 119 | -7 | 125 | 132 | +7 |

| | | | | | | | |
|---|---|---|---|---|---|---|---|
| **MLP** | **239** | **120** | **125** | **+5** | **119** | **114** | **-5** |
| **KZKD** | **180** | **90** | **102** | **+12** | **90** | **78** | **-12** |
| **WND** | **119+1** | **60** | **60** | **-** | **59+1** | **60** | **-** |
| **KNR** | **250** | **125** | **141** | **+16** | **125** | **108** | **-17** |
| **KSRGD** | **120+1** | **60+1** | **89** | **+28** | **60** | **32** | **-28** |
| **Total** | **2779+5** | **1391+3** | | | **1388+2** | | |

- നിലവിൽ **LI Gr II** തസ്തിക ജില്ലാതല നിയമനത്തിന്റെ പരിധിയിലാണ് വരുന്നതെങ്കിലും, ടി തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി, സംസ്ഥാനതലത്തിലാണ് തയ്യാറാക്കുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന സീനിയോരിറ്റി ലിസ്റ്റിൽ, ജില്ലാതല പി എസ് സി റാങ്ക് ലിസ്റ്റുകൾ പ്രകാരം ഒരു ജില്ലയിൽ അഡ്വൈസ് ചെയ്യപ്പെട്ടതിന് ശേഷമായിരിക്കും മറ്റൊരു ജില്ലയിൽ അഡ്വൈസ് ചെയ്യപ്പെടുന്നത്, ഇങ്ങനെ വരുമ്പോൾ ആദ്യം അഡ്വൈസ് ചെയ്യപ്പെടുന്ന ജില്ലയിലെ ജീവനക്കാർ സീനിയോരിറ്റി ലിസ്റ്റിൽ ആദ്യം വരുകയും, പിന്നീട് അഡ്വൈസ് ചെയ്യപ്പെടുന്ന ജില്ലയിലെ ഉയർന്ന റാങ്കുകാരൻ വരെ സീനിയോരിറ്റിയിൽ പിന്നിലാവുകയും ചെയ്യും. പ്രൊമോഷനിലും ഈ നില തുടരുന്നു. ഇത്തരത്തിലുള്ള ഏറ്റക്കുറച്ചിലുകൾ പരിഹരിക്കപ്പെടേണ്ടതാണ്. ഇപ്രകാരം പരിഹാരം കണ്ടെത്താൻ **LI Gr II** തസ്തിക സംസ്ഥാന തല തസ്തികയാക്കുന്നത് വഴി സാധിക്കുന്നതാണ്. ഇതിനായി **LI Gr II** തസ്തികയുടെ നിയമനാധികാരി സംസ്ഥാന തലത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.
- **LI Gr II** തസ്തികയിലെ ജീവനക്കാർക്ക് അന്തർ ജില്ലാസ്ഥലംമാറ്റമാണ് **(10%)** നിലവിലുള്ളത്. ഇപ്രകാരമുള്ള സ്ഥലംമാറ്റത്തിൽ അവരുടെ സീനിയോരിറ്റി നഷ്ടപ്പെടും. സംസ്ഥാനതല തസ്തികയായാൽ പൊതുസ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരും. സീനിയോരിറ്റി നഷ്ടപ്പെടുന്നുമില്ല;
- മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ **LI Gr I, AFO** തസ്തികകളിൽ ജീവനക്കാരുടെ ദൗർലഭ്യം വളരെയേറെ നിലനിൽക്കുന്നുണ്ട്.ഇക്കാരണത്താൽ വകുപ്പിൽ നിന്നും കർഷകർക്ക് ലഭിക്കേണ്ട സേവനം യഥാസമയം എത്തിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു. ടി അവസ്ഥയും പരിപൂർണ്ണമായും പരിഹരിക്കപ്പെടും.

പ്രസ്തുത സാഹചര്യത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് **II** തസ്തികയിലെ നിയമനം സംസ്ഥാന തലത്തിലാക്കി ചുവടെ ചേർക്കും പ്രകാരം സർക്കാർ തത്വത്തിൽ നയം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിയമനത്തിനായി പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചതോ, യോഗ്യതാ നിർണയ പരീക്ഷ നടത്തിയതോ, റാങ്ക് ലിസ്റ്റ് നിലവിലുള്ളതോ /പ്രസിദ്ധീകരിക്കുവാൻ സാദ്ധ്യതയുള്ളതോ ആയ ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിലുണ്ടാകുന്ന ഒഴിവുകൾ ഇനി ജില്ലാ മൃഗസംരക്ഷണ ഓഫീസുകളിൽ നിന്നും കേരള പബ്ലിക്ക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതില്ല . പകരം അവ അനുപാതം ക്രമീകരിച്ച് സംസ്ഥാനതലത്തിൽ ചിട്ടപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ കേരള പബ്ലിക്ക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണം. നിലവിൽ PSC വിജ്ഞാപനം പുറപ്പെടുവിച്ചതും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി സാധ്യത ഉള്ളതുമായ ജില്ലകളിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കുറഞ്ഞ കാലാവധിയായ ഒരുവർഷം തികയുന്ന തീയതിക്ക് ശേഷം സംസ്ഥാനതലത്തിൽ LI ഗ്രേഡ് II തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ നികത്തുന്നതിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ പബ്ലിക് സർവീസ് കമ്മീഷനെ സമീപിക്കേണ്ടതാണ്. തുടർന്ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് അനുസരിച്ച് PSC യിൽ നിന്നും നിയമന ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പട്ടികയിലെ അനുപാത വ്യത്യാസം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കണം .
- ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരുടെ ജീവനക്കാര്യവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ ചുമതലകളും അതത് ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ തന്നെ നിലവിലുള്ള രീതിയിൽ തുടരേണ്ടതാണ്.

**OA 1080/2025, 1300/2025, 1346/2025, 1688/2025, 1689/2025, 1880/2025, 1202/2025, 1499/2025, 1204/2024** എന്നീ കേസുകളിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ **29/01/2026** തീയതിയായി പുറപ്പെടുവിച്ച അന്തിമ ഉത്തരവ് ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം /എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി )

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Ajayakumar. A**
**Date: 12-03-2026 13:03:14**

സെക്ഷൻ ഓഫീസർ